41/
5-1-17

## കേരള സർക്കാർ

പൊതുസേവനങ്ങൾ- 2017 ജനുവരി 05-ന് സെക്രട്ടേറിയറ്റിലെ ഒരു വിഭാഗം ജീവനക്കാർ നടത്തുന്ന സൂചനാ പണിമുടക്ക് നേരിടുന്നതിനുള്ള നടപടിക്രമങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

**സ.ഉ.(കൈ) നമ്പർ.2/2017/പൊ.ഭ.വ          തീയതി,തിരുവനന്തപുരം, 04.01.2017**

പരാമർശം: 1) സർക്കാർ ഉത്തരവ് (പി) നമ്പർ 34/2002/പൊ.ഭ.വ തീയതി 23.01.2002.
2) സർക്കാർ ഉത്തരവ് (പി) നമ്പർ 227/2015/പൊ.ഭ.വ തീയതി 25.08.2015.

### ഉത്തരവ്

സെക്രട്ടേറിയറ്റിലെ ഒരു വിഭാഗം ജീവനക്കാരുടെ സംഘടനകൾ 2017 ജനുവരി 05-ന് സൂചനാ പണിമുടക്ക് നടത്തുന്നതായി അറിയിപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യം നേരിടുന്നതിനായി സർക്കാർ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

ജീവനക്കാർക്ക് (ഗസറ്റഡ് ഉദ്യോഗസ്ഥർ ഉൾപ്പെടെ) താഴെപ്പറയുന്ന സാഹചര്യങ്ങളിലൊഴികെ യാതൊരുതരത്തിലുള്ള അവധിയും അനുവദിക്കുന്നതല്ല.

1) വ്യക്തിക്കോ അടുത്ത ബന്ധുകൾക്കോ അസുഖം ബാധിച്ചാൽ (അടുത്ത ബന്ധുക്കൾ എന്നാൽ സർക്കാർ ഉദ്യോഗസ്ഥന്റെ ഭാര്യ/ഭർത്താവ്, മക്കൾ, അച്ഛൻ, അമ്മ)
2) ജീവനക്കാരുടെ പരീക്ഷാ സംബന്ധമായ ആവശ്യത്തിന്.
3) ജീവനക്കാരിയുടെ പ്രസവാവശ്യത്തിന്.
4) മറ്റ് ഒഴിച്ചു കൂടാനാകാത്ത സാഹചര്യങ്ങൾ.

ചികിത്സാ ആവശ്യത്തിനുള്ള അവധിക്ക് അപേക്ഷിക്കുന്നവർ സർക്കാർ ഡോക്ടർമാരിൽനിന്നും ഒപ്പും സീലും പതിപ്പിച്ച നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ജീവനക്കാരിൽ നിന്നും ലഭിക്കുന്ന അവധി അപേക്ഷകൾ ഉടൻ തന്നെ തീർപ്പാക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കാതെ സൂക്ഷിക്കുവാൻ പാടില്ല. അവധി അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുമ്പോൾ മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

എല്ലാ വകുപ്പുകളും തങ്ങളുടെ കീഴിലുള്ള എത്ര ജീവനക്കാർക്ക് അവധി അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരവും ആവശ്യമെങ്കിൽ അവധി അനുവദിച്ചതിനുള്ള ന്യായീകരണം നൽകുകയും വേണം.

പൊതുഭരണ വകുപ്പ് എടുക്കേണ്ട നടപടികൾ.

എ) പണിമുടക്കിൽ പങ്കെടുക്കാത്തവർക്ക് പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുക.
ബി) ജീവനക്കാർക്ക് തടസ്സം കൂടാതെ എത്തുവാനുള്ള സാഹചര്യം ഉറപ്പുവരുത്തുക.
സി) ഓഫീസ് ഗേറ്റുകൾക്ക് മുമ്പിൽ കൂട്ടംകൂടൽ ഒഴിവാക്കുക.

പണിമുടക്കിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സെക്രട്ടേറിയേറ്റിന് രാത്രി സംരക്ഷണം നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

അനധികൃതമായി ജോലിക്കു ഹാജരാകാതെ ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കുന്നത് **ഡയസ് നോൺ** ആയി കണക്കാക്കേണ്ടതാണ്. പണിമുടക്കു ദിവസത്തെ ശമ്പളം 2017 ജനുവരി

മാസത്തെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അവരുടെ ഡ്യൂട്ടി സാന്നിധ്യം 2017 ജനുവരി മാസത്തെ ശമ്പള ബില്ലിൽ അതാത് DDO മാർ സർട്ടിഫൈ ചെയ്തിരിക്കണം.

അക്രമങ്ങൾ, പൊതുമുതൽ നശിപ്പിക്കൽ എന്നിവയിൽ ഏർപ്പെടുന്ന വ്യക്തികളെ പ്രോസിക്യൂട്ട് ചെയ്യുന്നതാണ്.

പണിമുടക്കു ദിവസം അനുമതി ഇല്ലാതെ ഹാജരാകാത്ത താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

ജീവനക്കാരുടെ ഹാജർ നില അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി എന്നിവർ (വകുപ്പുതലത്തിൽ സമാഹരിച്ച്) 05.01.2017 ന് രാവിലെ 10.30-ന് മുമ്പായി പൊതുഭരണ (രഹസ്യവിഭാഗം) വകുപ്പിനെ അറിയിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ സ്ഥിതിവിവര റിപ്പോർട്ട് കൂടാതെ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ എന്നിവരോ അവരുടെ അഭാവത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥർ അനധികൃതമായി ഹാജരാകാത്ത ജീവനക്കാരുടെ പട്ടിക (പേരും തസ്തികയും സഹിതം) തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാരുടെ സമാഹൃത പട്ടിക പണിമുടക്കു ദിവസം തന്നെ പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിക്ക് തുടർനടപടികൾക്കായി നൽകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ സെക്രട്ടേറിയറ്റ് പരിസരത്ത് പ്രതികൂല സംഭവങ്ങളും സംഘർഷങ്ങളും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

(ഗവണർറുടെ ഉത്തരവിൻപ്രകാരം)

**ഷീല തോമസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ /പ്രിൻസിപ്പൽ സെക്രട്ടറിമാർ/
സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ.
ഡയറക്ടർ, പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്തുമുഖേന)
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം. (ആമുഖ കത്തുമുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം. (ആമുഖ കത്തുമുഖേന)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്തുമുഖേന)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും (എല്ലാ സെക്ഷനുകൾക്കും)
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
സിറ്റി പോലീസ് കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് സെക്യൂരിറ്റി ആഫീസർ, ഗവ. സെക്രട്ടേറിയറ്റ്
നോഡൽ ഓഫീസർ, കേരള സർക്കാർ വെബ്സൈറ്റ് (www.kerala.gov.in)
കരുതൽ ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.